**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പും വ്യാവസായ വാണിജ്യ വകുപ്പും സംയുക്തമായി ചേർന്ന് 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' എന്ന പദ്ധതി ‘’ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ'' എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലേയും വിഭവസ്രോതസ്സിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തി ഏറ്റെടുക്കുവാൻ കഴിയുന്ന ഉത്പന്നങ്ങളുടെ സാധ്യതാ പട്ടിക വ്യവസായ വകുപ്പ് ലഭ്യമാക്കുന്നു. ടി പട്ടിക പരിശോധിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അനുയോജ്യമായ ഉത്പന്നങ്ങളുടെ സാധ്യത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതികൾ പ്രത്യേക യോഗം കൂടി തീരുമാനിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തിതന്നിരിക്കുന്ന പട്ടികയിൽ മാറ്റം വരുത്താവുന്നതുമാണ്. കേരള സംസ്ഥാനം വിവിധ വിഭവസ്രോതസ്സുകൾ നിറഞ്ഞ നാടായതിനാൽ വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വളരെ വലുതാണ്. കൃത്യമായ ആസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു 'തദ്ദേശസ്ഥാപനം ഒരു ഉത്പന്നം' എന്ന പദ്ധതിയിലൂടെ കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനും, കർഷകർക്കും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പുവരുത്തുന്നതിനും ആയതുവഴി സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ് ഷിപ്പ് പദ്ധതിയായ ‘’ആയിരത്തിൽ അഞ്ചു പേർക്ക് തൊഴിൽ'' എന്ന പദ്ധതിക്ക് ഊർജം പകരുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്ക് പതിനാലാം |

| | | | |
|---|---|---|---|
| | | | പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി അനുവദിക്കുന്നതാണ്. ഇതിനായി വ്യവസായ വകുപ്പിന്റെ സഹായത്തോടെ എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും ഓരോ ഇന്റേൺസിനെ നിയമിച്ചിട്ടുള്ളതാണ്. |
| (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിൽ അനുയോജ്യമായ വിഭവ സ്രോതസ്സുകളുടെയും വിദഗ്ധരായ തൊഴിലാളികളുടെയും മറ്റു ഘടകങ്ങളും അടിസ്ഥാനപ്പെടുത്തി കാർഷിക ഭക്ഷ്യ ഉത്പന്നങ്ങൾ നഗരസഭയുടെതായി തെരഞ്ഞെടുക്കുകയും PMEGP/PMFME, ESS പോലെയുള്ള സംരംഭസഹായ പദ്ധതികൾക്ക് പ്രോത്സാഹനം നൽകി വരികയും ചെയ്യുന്നുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്ന ത്രിതല പഞ്ചായത്തുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായി വ്യവസായം, സഹകരണം എന്നീ വകുപ്പുകളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റേയും സഹകരണ വകുപ്പിന്റേയും സഹകരണത്തോടെയാണ് 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം' എന്ന ഒരു പദ്ധതി "ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ " പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും സംരംഭകർക്ക് നൽകുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലും നഗരസഭകളിലും ഒരു ഇന്റേണിനെ വ്യവസായവകുപ്പ് നിയമിച്ചിട്ടുണ്ട്. നിർദ്ദേശിച്ച എണ്ണം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സംരംഭകരെ കണ്ടെത്തുന്നതിനുള്ള ചുമതല അതാത് ഇന്റേണിനാണ്. ജനറൽ ഓറിയൻറേഷൻ പ്രോഗ്രാം സംഘടിപ്പിക്കുക, വിവിധ വകുപ്പുകളിൽ നിന്നും സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സേവനങ്ങൾ (ലൈസൻസ്, സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ് & സേഫ്റ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവ) എന്തൊക്കെ ആണെന്ന് മനസ്സിലാക്കി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, സംരംഭം തുടങ്ങുന്നതിന് താത്പര്യവുമായി മുന്നോട്ടു വരുന്ന സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ സംരംഭം കണ്ടെത്തുന്നതിനുള്ള സഹായം സാക്ഷരത (Financial Literacy session) എന്നിവ നടത്തുക, തദ്ദേശസ്വയം ഭരണ സ്ഥാപന ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ച് പദ്ധതിക്ക് ആവശ്യമായ വിവരശേഖരണം നടത്തുക, ശില്പശാലകളിൽ മതിയായ സംരംഭകരുടെ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ജനറൽ ഓറിയൻറേഷൻ പ്രോഗ്രാം, ലോൺ /സബ്സിഡി/ലൈസൻസ് മേളകൾ എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പട്ടികജാതി വികസന വകുപ്പ്, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയ ആണ് ഇന്റേൺസിന്റെ ചുമതലകൾ. സഹകരണ വകുപ്പിന്റെ സഹായത്തോടെയാണ് ലോൺ മേളകൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ